# യുവജനപ്രസ്ഥാനം അയിരൂർ ഡിസ്ട്രിക്ട് സമ്മേളനം നടന്നു

അയിരൂർ : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ നിലയ്ക്കൽ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ അയിരൂർ ഡിസ്ട്രിക്ട് സമ്മേളനം അയിരൂർ മതാപ്പാറ സെന്റ് തോമസ് വലിയപള്ളിയിൽ വച്ച് നടത്തപ്പെട്ടു. റവ.ഫാ.സൈമൺ ജേക്കബ് മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം വെരി.റവ.ഫിലിപ്പോസ് തരകൻ കോർ എപ്പിസ്കോപ്പ ഉദ്ഘാടനം ചെയ്തു. ഭദ്രാസന കൗൺസിൽ അംഗം റവ.ഫാ.ജോജി മാത്യു, യുവജനപ്രസ്ഥാനം ഭദ്രാസന വൈസ്പ്രസിഡന്റ് റവ.ഫാ.യൂഹാനോൻ ജോൺ, യുവജനപ്രസ്ഥാനം ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ.അനു വടശ്ശേരിക്കര, ജോയിന്റ് സെക്രട്ടറി മിന്റാ മറിയം വർഗീസ്, ശ്രീ.വിനീഷ് പി.തോമസ് തുടങ്ങിയവർ പ്രസംഗിച്ചു. ‘‘യുവജനങ്ങളും മാധ്യമങ്ങളും’’ എന്ന വിഷയത്തിൽ ചർച്ച നടന്നു. കുമാരി അനീഷ മോഡറേറ്ററായിരുന്നു.